**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2197** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഭാരതപ്പുഴയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ മുന്നിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരൂർ - പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണം കൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും വിവിധ ഏജൻസികൾ/ വകുപ്പുകളുടെ പ്രവർത്തനം ആവശ്യമാണ്. നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ “ജലസമൃദ്ധി” യുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും അതിലേയ്ക്ക് വന്നുചേരുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | ഭാരതപ്പുഴയിലെ കൂടുതൽ മലിനീകരിക്കപ്പെട്ട ഭാഗമായി വിലയിരുത്തിയിട്ടുള്ള തിരൂർ - പൊന്നാനി ഭാഗത്തെ മാലിന്യ ലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി മുനിസിപ്പൽ പ്രദേശത്തെ മാലിന്യ ലഘൂകരണം കൂടി കണക്കിലെടുത്താണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സാമ്പത്തിക ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനും വിവിധ ഏജൻസികൾ/ വകുപ്പുകളുടെ പ്രവർത്തനം ആവശ്യമാണ്. നദിയിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിന് നീർത്തടാധിഷ്ഠിത |

| | | | |
|---|---|---|---|
| | | | പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ശാസ്ത്രീയമായി നിർവ്വഹിക്കേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ “ജലസമൃദ്ധി” യുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ